ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"ദൈവവും ഞാനും"
(തിരുവചന ചിന്തകൾ)

APRIL
2024

CONTENTS

- **തിരുവചന ചിന്തകൾ** :

  " **ദൈവവും ഞാനും** ". Page - 03

" ദൈവവും ഞാനും"

(തിരുവചന ചിന്തകൾ)

യേശുവിന്റെ ശിഷ്യനായിരുന്ന പത്രോസിന്റെ ജീവിതത്തിലെ രണ്ടു സംഭവങ്ങളെ ആസ്പദമാക്കി നമുക്കു ചിന്തിക്കാം.

അധികം ആമുഖമൊന്നും ആവശ്യമില്ലാത്ത ഒരു വ്യക്തിയാണ് നമുക്കു ശിമോൻ പത്രോസ്. സുവിശേഷങ്ങളിൽ ഏറ്റവും കൂടുതൽ തവണ പരാമർശിക്കപ്പെടുന്ന വ്യക്തിത്വമാണ് പത്രോസിന്റേത്. യേശു, പത്രോസിനെ വിളിച്ച നിമിഷം മുതൽ യേശുവിന്റെ ഉയർപ്പിനു ശേഷം ആദിമസഭയിൽ നടന്ന ചരിത്രങ്ങളിലെല്ലാം അനേകം പരാമർശങ്ങളും സംഭവങ്ങളും പത്രോസിനെക്കുറിച്ചുണ്ട്. ഇതിൽ യേശുക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം നടന്ന അടുത്തടുത്ത രണ്ടു സംഭവങ്ങളെയാണ് നാം ചിന്തിക്കുവാൻ പോവുന്നത്.

1 . **മത്ഥിയാസിന്റെ തിരഞ്ഞെടുപ്പ്** (**പ്രവൃത്തികൾ** 1 : 15 - 26)
2 .**പരിശുദ്ധാത്മനിറവിൽ പത്രോസ്** (**പ്രവൃത്തികൾ** 2 : 1 - 47)

മേൽപ്പറഞ്ഞ രണ്ടു സംഭവങ്ങളിലും നടന്ന കാര്യങ്ങൾ അഥവാ ദൈവീക ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ? ഇത് ഒരു പത്രോസിൽ ഒരിക്കൽ മാത്രമായി സംഭവിക്കേണ്ടതാണോ ? ഈ സംഭവത്തോടെ ദൈവാത്മാവ് സഭക്ക് നൽകുന്ന സന്ദേശമെന്താണ് ?
ഈ ചോദ്യങ്ങൾക്കെല്ലാമായുള്ള ഉത്തരങ്ങളാണ് നാം ചിന്തിക്കുവാൻ പോവുന്നത്.

1 . **മത്ഥിയാസിന്റെ തിരഞ്ഞെടുപ്പ്** (**പ്രവൃത്തികൾ** 1 : 15 - 26)
യേശുവിനെ ഒറ്റിക്കൊടുത്തു സ്വയം മരണത്തിലേക്കുപോയ യൂദായ്ക്കു പകരം മറ്റൊരുവൻ ആ സ്ഥാനത്തേക്കു വരണമെന്നു ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിച്ചുകൊണ്ട് മത്ഥിയാസിനെ തിരഞ്ഞെടുക്കുകയുംചെയ്യുന്ന പത്രോസിനെ നാം കാണുന്നു. (പ്രവൃത്തികൾ 1 : 15 - 26)

യേശുവിനെ കാണിച്ചുകൊടുത്തുകൊണ്ടു ഒറ്റിക്കൊടുക്കുവാനും അതിൽ മനം നൊന്തുകൊണ്ട് തൂങ്ങിമരിക്കുവാനും യൂദയെക്കുറിച്ചു ദൈവം ആഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. അതായത്, യൂദായുടെ 'തീരുമാനങ്ങൾ' ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമുള്ളതായിരുന്നില്ല എന്ന് നിശ്ചയം (എന്നാൽ ജോൺ കാൽവിൻ നെപ്പോലുള്ളവർ ചിന്തിച്ചെടുത്ത ദുരുപദേശങ്ങളിൽ, ദൈവത്തിന്റെ മുൻനിർണ്ണയത്തിൽ യൂദായുടെ മരണംപോലും ഉണ്ടെന്നു അവർ വരുത്തിത്തീർക്കുന്നു! ഇതാണ് Calvinism എന്ന ദുരുപദേശം). അതായതു ദൈവം, ചിലരെ മാത്രമായി നരകത്തിനായും ചിലരെ മാത്രം സ്വർഗ്ഗത്തിനായും മുൻനിർണ്ണയിച്ചിട്ടില്ല. യേശു സകലർക്കുംവേണ്ടിയാണ് മരിച്ചതും അടക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതും. സകലരും യേശുവിൽ വിശ്വസിച്ചു ദൈവമക്കളായി, വചനം അനുസരിച്ചു, ദൈവകൃപയിൽ ജീവിച്ചുകൊണ്ട്, ദൈവത്തോടുള്ള നിത്യരാജ്യത്തിൽ അവകാശികളായിത്തീരണം എന്നതാണ് ദൈവത്തിന്റെ മുൻനിർണ്ണയം. ഈ ദൈവകൃപ തള്ളിക്കളഞ്ഞുകൊണ്ടു സ്വയത്തെ പിശാചിനും അവന്റെ ദൂതന്മാർക്കുമായി വിട്ടുകൊടുക്കുന്നവർ സ്വയമായി അവരുടെ വിധികളെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

യോഹന്നാൻ 3 : 17 -18.
17.ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ.
18.അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു.

1 യോഹന്നാൻ 4 : 9 -10.
9.ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.
10.നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു.

1 യോഹന്നാൻ 5 : 18-20.
18.ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല.
19.നാം ദൈവത്തിൽനിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു.
20.ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു.

യൂദായ്ക്കു താൻ ചെയ്ത തെറ്റുകൾ ഏറ്റുപറഞ്ഞുകൊണ്ടു യേശുവിന്റെ അടുക്കൽ മടങ്ങിവരുവാൻ കഴിയുമായിരുന്നിട്ടും അവൻ അതിനായി ശ്രമിച്ചില്ല.(1 യോഹന്നാൻ 5 : 20) ൽ പറയുന്ന പോലെ ദൈവത്തെ അറിയുവാൻ നമുക്കു ദൈവം വിവേകം നല്കുന്നുണ്ട്. അത് ഉപയോഗിക്കാതെ സ്വന്ത നിരൂപങ്ങളിലും കുറ്റബോധത്തിലും വീണുകൊണ്ട് യൂദാ മൂഢനായി മരണത്തിലേക്കു പോയി.

റോമർ 1 : 21-22
21.അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി.
22.ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി;

വാസ്തവത്തിൽ ആദം നഷ്ടപ്പെടുത്തിയ അതേ അവസരം യൂദായും നഷ്ടപ്പെടുത്തി. എന്തായിരുന്നു അത് ?

'ദൈവത്തോട് അടുത്ത് ചെല്ലുക' എന്ന അവസരം. ആദത്തിന്റെ വീഴ്ച മനുഷ്യരാശിയുടെ വീഴ്ചയായിരുന്നു. യൂദായും അതുതന്നേ ചെയ്തു, സ്വയം നഷ്ടപ്പെടുത്തിക്കളഞ്ഞു. എന്നാൽ, യേശുക്രിസ്തുവിലൂടെ ഉദിച്ച ദൈവകൃപയാൽ, ഇവർ നഷ്ടപ്പെടുത്തിക്കളഞ്ഞ അവസരത്തിലേക്കാണ് അഥവാ പദവിയിലേക്കാണ് ദൈവം നമ്മെ ദിനംതോറും വിളിച്ചുകൊണ്ടിരിക്കുന്നതു. ദൈവത്തിങ്കലേക്കു മടങ്ങിവരിക എന്ന വിളി.

ലൂക്കോസ് 5 : 32
32.ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിന്നു വിളിപ്പാൻ വന്നിരിക്കുന്നതു" എന്നു ഉത്തരം പറഞ്ഞു.

യാക്കോബ് 4:8
8.ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും. പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളോരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ;

നാം ഒരിക്കലും തോറ്റവരായി ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ പിതാവാം ദൈവം നമ്മെ ഓരോരുത്തരെയും ജയാളികളായി മാറ്റിയിരിക്കുന്നു.

1 കൊരിന്ത്യർ 15_57
57.നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം.

2 കൊരിന്ത്യർ 2:14
14.ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലാടത്തും ഞങ്ങളെക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്നു സ്തോത്രം.

സത്യത്തിൽ എന്താണ് ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത് ? യൂദായുടെ വീഴ്ച നമുക്കുണ്ടാവാതെ ദൈവത്തിങ്കലേക്കു അധികം ആശ്രയിക്കുവാൻ തന്നേ. പാപം ചെയ്തതിനുശേഷമുള്ള ഒരു ഏറ്റുപറച്ചിലായിട്ടല്ല മറിച്ചു, പാപ സാഹചര്യങ്ങളെ ദൈവത്തോട് ഏറ്റുപറഞ്ഞു അവയെ ജയിക്കുന്ന കൃപയും അഭിഷേകവും പ്രാപിക്കുവാൻ. യേശു എന്തുകൊണ്ട് ഇമ്മാനുവേൽ എന്ന് വിളിക്കപ്പെട്ടു ? സകലർക്കായും എല്ലായ്പ്പോഴും കൂടെയിരിക്കേണ്ടതിനു തന്നേ. അതേ, നമ്മെ എല്ലായ്പ്പോഴും കേൾക്കുവാൻ നമ്മോടു സംസാരിക്കുവാൻ ദൈവം നമ്മോടുകൂടെയുണ്ട്.

സങ്കീർത്തനങ്ങൾ 115:1-9
1.ഞങ്ങൾക്കല്ല, യഹോവേ, ഞങ്ങൾക്കല്ല, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിന്നു തന്നേ മഹത്വം വരുത്തേണമേ.
2.അവരുടെ ദൈവം ഇപ്പോൾ എവിടെ എന്നു ജാതികൾ പറയുന്നതെന്തിന്നു?
3.നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ടു; തനിക്കു ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു.
4.അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആകുന്നു; മനുഷ്യരുടെ കൈവേല തന്നേ.
5.അവെക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കിലും കാണുന്നില്ല.
6.അവെക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല; മൂക്കുണ്ടെങ്കിലും മണക്കുന്നില്ല.
7.അവെക്കു കയ്യുണ്ടെങ്കിലും സ്പർശിക്കുന്നില്ല; കാലുണ്ടെങ്കിലും നടക്കുന്നില്ല; തൊണ്ടകൊണ്ടു സംസാരിക്കുന്നതുമില്ല.
8.അവയെ ഉണ്ടാക്കുന്നവർ അവയെപ്പോലെ ആകുന്നു; അവയിൽ ആശ്രയിക്കുന്ന ഏവനും അങ്ങനെ തന്നേ.
9.യിസ്രായേലേ, യഹോവയിൽ ആശ്രയിക്ക; അവൻ അവരുടെ സഹായവും പരിചയും ആകുന്നു;

യൂദാ, യേശുവിനോടു കൂടെനടന്നിട്ടും ഒന്നും പ്രാപിക്കുവാൻ കഴിയാതെയാണ് ഈ ഭൂമിയിൽനിന്നും കടന്നുപോയത്. നോക്കൂ, എത്ര ഭയാനകമാണത് ? യേശുവിനോടുകൂടി നാമും ഈ ഭൂമിയിൽ ഇരുന്നിട്ടും ഒന്നും പ്രാപിക്കാതെ പ്രത്യാശയില്ലാത്ത ഇടത്തേക്ക് പോകുവാൻ ഒരിക്കലും ഇടയാകരുത്. യേശു ഒരിക്കലും ദൈവം നമുക്കൊരു സാങ്കൽപ്പിക കഥാപാത്രമായി മാറരുത്, അനുഭവമായി മാറണം. യൂദായ്ക്കു യേശു ഒരു അനുഭവമായിത്തീർന്നില്ല. പലപ്പോഴും ദൈവം ചിലർക്കൊക്കെ ആവേശമായി മാറാറുണ്ട്, നല്ലത്. എന്നാൽ അത് അനുഭവമായി പരിണമിച്ചേ മതിയാവൂ.

യൂദായുടെ ജീവിതത്തിലെ പരാജയത്തിന്റെ ആഴമറിഞ്ഞ പത്രോസ് ദൈവത്തിന്റെ വചനത്തിൽ നിന്നുകൊണ്ട് ഇതര ശിഷ്യരോട് ആവശ്യപ്പെടുന്നത് പത്രോസിന്റെ ആഗ്രഹത്തെക്കുറിച്ചല്ല പ്രത്യുത, ദൈവത്തിന്റെ വചനത്തിൽ എഴുതിയിരിക്കുന്ന, ദൈവീക വാഗ്ദത്വത്തെകുറിച്ചാണ്

എന്തുകൊണ്ടാണ് പത്രോസ് യൂദായെക്കുറിച്ചു ആ സാഹചര്യത്തിൽ സംസാരിച്ചത് ? ഈ ചോദ്യത്തിന്റെ ഉത്തരം 16 ആം വാക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തികൾ 1 : 16
16.സഹോദരന്മാരായ പുരുഷന്മാരേ, യേശുവിനെ പിടിച്ചവർക്കു വഴികാട്ടിയായിത്തീർന്ന യൂദയെക്കുറിച്ചു പരിശുദ്ധാത്മാവു ദാവീദ് മുഖാന്തരം മുൻപറഞ്ഞ തിരുവെഴുത്തിന്നു നിവൃത്തിവരുവാൻ ആവശ്യമായിരുന്നു.

ഒരു ദൈവീക വിഷയത്തിനു നിവൃത്തി വരേണ്ടുന്ന സമയത്തെ ഗ്രഹിച്ചുനില്ക്കുന്ന പത്രോസിനെയാണ് നാം അവിടെ കാണുന്നത്. പരിശുദ്ധാത്മാവു ദാവീദ് മുഖാന്തരം മുൻപറഞ്ഞ തിരുവെഴുത്തിന്നു നിവൃത്തിവരുക എന്നതായിരുന്നു അത്.

നോക്കൂ, യാതൊരു ബാഹ്യ (മാനുഷിക) ഇടപെടലുകളും ഇല്ലാതെ, ആവേശത്തിരകളും ലവലേശമില്ലാതെ ദൈവാത്മാവിന്റെ ഇടപെടലുകളെ തിരിച്ചറിയുന്ന വ്യക്തിയായി പത്രോസ് മാറിയിരിക്കുന്നു. എന്താണ് അതിനു കാരണം ? ഉത്തരം ലളിതവും സ്പഷ്ടവുമാണ് - ദൈവത്തെ താൻ അനുഭവിച്ചതുകൊണ്ട്.

നമ്മുടെ ജീവിതത്തിൽ ഇപ്രകാരം ദൈവാത്മാവിന്റെ ഇഷ്ടാനിഷ്ടങ്ങൾ നാം തിരിച്ചറിയാറുണ്ടോ ? അതോ, ബാഹ്യ / ആന്തരിക കേവല ശക്തികളുടെ യാത്രികർ മാത്രമാണോ നാം ? നാമും ദൈവത്തെ സ്വന്തജീവിതത്തിൽ അനുഭവിച്ചുതുടങ്ങിയാൽ പത്രോസിനെപ്പോലെ, 'പരിശുദ്ധാത്മാവിന്റെ സമയ'ത്തെ നാമും തിരിച്ചറിഞ്ഞു തുടങ്ങും.

യൂദാ എന്തെല്ലാം നഷ്ടപ്പെടുത്തി എന്നതിനെക്കുറിച്ചു യൂദായ്ക്കു ബോദ്ധ്യമില്ലാതിരുന്നാലും ദൈവാത്മാവിന്റെ സഹായത്താൽ പത്രോസിനു ബോധ്യമുണ്ടായിരുന്നു. ഇത് നാം കാണുന്നത് 24 , 25 വാക്യങ്ങളിലാണ്.

പ്രവൃത്തികൾ 1
24.സകല ഹൃദയങ്ങളെയും അറിയുന്ന കർത്താവേ, തന്റെ സ്ഥലത്തേക്കു പോകേണ്ടതിന്നു യൂദാ ഒഴിഞ്ഞുപോയ ഈ ശുശ്രൂഷയുടെയും അപ്പൊസ്തലത്വത്തിന്റെയും

25.സ്ഥാനം ലഭിക്കേണ്ടതിന്നു ഈ ഇരുവരിൽ ഏവനെ നീ തിരഞ്ഞെടുത്തിരിക്കുന്നു എന്നു കാണിച്ചുതരേണമേ എന്നു പ്രാർത്ഥിച്ചു അവരുടെ പേർക്കു ചീട്ടിട്ടു.

സത്യത്തിൽ ഇതൊരു പ്രാർത്ഥനയായിരുന്നു. പത്രോസും മറ്റു ശിഷ്യന്മാരും ചേർന്നുപ്രാർഥിച്ച ഈ പ്രാർത്ഥനയിൽ, അവർ തങ്ങൾക്കെല്ലാവർക്കും ഒരുപോലെ ബോധിച്ച രണ്ടു ശിഷ്യന്മാരുടെ പേരുകളിൽനിന്നു ദൈവാത്മാവിനു ബോധിച്ച (നിർണ്ണയപ്രകരമുള്ള) ഒരാളിലേക്കുള്ള തിരഞ്ഞെടുപ്പായിരുന്നു അത്.

നമുക്കും ഒരായിരം ആഗ്രഹങ്ങളും ഇഷ്ടാനിഷ്ടങ്ങളും ഉണ്ടായിരിക്കാം എന്നാൽ അവ ദൈവത്തിന്റെ കൈകളിലേക്കു പൂർണ്ണമായി കൊടുത്തുകൊണ്ട് ദൈവീക ഹിതത്തെ ആരായുക എന്ന ദൈവാശ്രയ ബോധത്തിലേക്കു നാമും വളർച്ച പ്രാപിക്കേണമെന്നാണ് ഈ വചനത്തിൽ ദൈവാത്മാവ് നമ്മോടു ആവശ്യപ്പെടുന്നത്. അതായത്, സകലത്തിലും ദൈവത്തെ മാത്രം വിളിക്കുക., ദൈവത്തിനായി കാത്തിരിക്കുക, പ്രാർത്ഥനയോടെ അടുത്തുചെല്ലുക. അല്ലാതെ, 'തിരഞ്ഞെടുപ്പു ആത്മീയഗോളത്തിൽ എങ്ങനെ നടത്താം' എന്നതിനെക്കുറിച്ചുള്ള ഒരു ക്ലാസ് അല്ല ദൈവാത്മാവ് ഇവിടെ കാണിച്ചുതരുന്നത്. അത്തരം തിരഞ്ഞെടുപ്പുകൾ ദൈവീകവുമല്ല.

പത്രോസിനു ലഭിച്ച ബോദ്ധ്യങ്ങൾ എന്തൊക്കെയാണ് ?

യൂദാ നഷ്ടപ്പെടുത്തിയ പദവികൾ എന്തൊക്കെയാണെന്ന് ഉച്ചരിച്ചുകൊണ്ടാണ് പത്രോസ് (അവർ) പ്രാർത്ഥിക്കുന്നത്.
അത് 'ശുശ്രൂഷയുടെയും അപ്പൊസ്തലത്വത്തിന്റെയും സ്ഥാന'മായിരുന്നു. ഈ രണ്ടു കാര്യങ്ങളും തനിക്കു ലഭിച്ചിരിക്കെയാണ് യൂദാ സ്വയം നഷ്ടപ്പെടുത്തിക്കളഞ്ഞത്.

നോക്കൂ, നമ്മുടെ ഈ ജീവിതത്തിലും ദൈവം നമുക്കു നല്കിയിരിക്കുന്ന സ്വർഗ്ഗീയ പദവികൾ നാം ഗ്രഹിക്കാതെ നഷ്ടപ്പെടുത്തിക്കളഞ്ഞാൽ നാം എവിടേക്കാവും ചെന്നെത്തുക ?

എബ്രായർ 12 : 16 - 17
16.ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനേപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ
17.അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന്നു ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.

നമ്മുടെ ആത്മീയ ജീവിതത്തിലെ സ്ഥാനമെന്നത് സ്വർഗ്ഗീയ പദവിയാണ്. നാബോദത്തിനെപ്പോലെയും (1 രാജാക്കന്മാർ 21) ഏശാവിനെപ്പോലെയും അത് ഒരിക്കലും നാം വിട്ടുകളയരുത്.

ദൈവരാജ്യത്തിലെ ചില നഷ്ടങ്ങളെ നികത്തികൊണ്ടാണ് പത്രോസിനെ അപ്പോസ്തോല പ്രവൃത്തിയിൽ നാം കണ്ടുതുടങ്ങുന്നത്. യൂദായുടെ സ്ഥാനം, അത് ദൈവം നൽകിയതും യൂദാ നഷ്ടപ്പെടുത്തിയതുമാകയാൽ അവിടേക്കാണ് ദൈവാത്മാവ് പത്രോസിന്റെ ശുശ്രൂഷയെ അയക്കുന്നത്.

നാമും ശുശ്രൂഷയ്ക്കായി വിളിയ്ക്കപ്പെട്ടവരാകയാൽ ഇപ്രകാരമൊരു നടത്തിപ്പു എല്ലായ്പ്പോഴും ദൈവത്തിൽനിന്നു നമുക്കു ലഭിക്കേണ്ടതാകുന്നു. ഓർക്കുക, ദൈവവും ഞാനും എന്നത് ബന്ധത്തെ കാണിക്കുന്നു. പത്രോസ് ദൈവത്തെ സേവിച്ചുതുടങ്ങുമ്പോൾ, പത്രോസ് അയക്കപ്പെട്ടുകൊണ്ടേയിരിക്കുകയായിരുന്നു. ദൈവവും ഞാനും എന്ന വ്യക്തിബന്ധം ശക്തമാവുമ്പോൾ അത്ഭുതങ്ങളും അടയാളങ്ങളും താനേ നടക്കും. അവിടെ മറ്റു ചിന്തകളും ഇടപെടലുകളും കടന്നുവരുമ്പോൾ ദൈവാത്മാവിനെ നാം നമ്മുടെയിഷ്ടങ്ങൾക്കൊത്തവണ്ണം കാണുവാൻ ശ്രമിക്കും.

2 .**പരിശുദ്ധാത്മനിറഞ്ഞവനായ പത്രോസ്** (**പ്രവൃത്തികൾ** 2 : 1 - 47)
പെന്തെക്കോസ്തുനാളിൽ, കാത്തിരുന്നവരുടെമേൽ പകർന്ന പരിശുദ്ധാത്മനിറവിൽസംസാരിക്കുന്ന പത്രോസിനെ നാം കാണുന്നു. (പ്രവൃത്തികൾ 2 : 1 - 47)

ദൈവവും ഞാനും തമ്മിലുള്ള ബന്ധമാണ് നിത്യതയോളം നിലനിൽക്കുന്നത്. നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ വലിപ്പം വർദ്ധിച്ചുവരുംതോറും അനേകായിരം വ്യക്തിജീവിതങ്ങളെ പ്രാർത്ഥനയിൽ വഹിക്കുവാൻ നാം കരുത്തുള്ളവരായിത്തീരും. ഒരിക്കലും ഒരു പ്രാർത്ഥനാ മനുഷ്യൻ ഒരു നിമിഷംകൊണ്ട് പിറവിയെടുക്കുന്നില്ല. നമ്മിലെ ക്രിസ്തുവളർച്ചയായിരിക്കും പ്രാർത്ഥനാമനുഷ്യന്റെയും വളർച്ച. ഇപ്രകാരം ആനുപാതികമായിരിക്കണം ആത്മീയ ജീവിതത്തിലെ വാക്കും പ്രവൃത്തിയും ജീവിതവും ശുശ്രൂഷയും.

മേൽപ്പറഞ്ഞ വാക്യങ്ങളിലേക്കു വരുമ്പോൾ, ഒരു ചോദ്യത്തിനുത്തരമെന്നോണമാണ് പത്രോസ് സംസാരിച്ചു തുടങ്ങുന്നത്. എന്നാൽ ആ വാക്കുകൾ ദൈവീക വാഗ്ദത്തങ്ങളെക്കുറിച്ചുള്ള ഓർമപ്പെടുത്തലിൽ തുടങ്ങി, പുത്രനായ (രക്ഷകനായ) ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടുകളില്ലോടെയും സ്വർഗ്ഗീയ മർമ്മങ്ങളിലൂടെയും സഞ്ചരിച്ചുകൊണ്ടു, അടിസ്ഥാന ഉപദേശത്തെ ഉറപ്പിച്ചും ശേഷം അതു ജനത്തിന്റെ മനസാന്തരത്തിങ്കലേക്കും രക്ഷയിലേക്കും സ്നാനത്തിലേക്കും എത്തുന്നതായി കാണാം.

പരിശുദ്ധാത്മാവിനല്ലാതെ മറ്റാർക്കും രചിക്കുവാൻ കഴിയാത്തവണ്ണം അസാധാരണമായിരുന്നു ആ വാക്കുകൾ. നോക്കൂ, വാക്കുകളിൽ ആരംഭിച്ചത് അതെ അദ്ധ്യായത്തിൽ പ്രവൃത്തിയായും, അതു അടിസ്ഥന വേദോപദേശമായും മാറുന്നതായി നാം കാണുന്നു. ആരാണ് ഈയൊരു രൂപം ഇവിടെ നൽകിയിരിക്കുന്നത് ? ദൈവാത്മാവല്ലാതെ മറ്റാരുമല്ല!

ദൈവത്തിന്റെ ആലോചനകളും വാക്കുകളും നമ്മുടേതായിമാറിക്കഴിഞ്ഞാൽ 'പ്രവൃത്തിയുണ്ടാവും', നിശ്ചയം ! ഇതാണ് നമ്മിലൂടെയുള്ള ദൈവപ്രവൃത്തി. ദൈവം നമുക്കായി സകലതും കരുതിയിട്ടുണ്ട്. സകലത്തിലും അത് സംഭവ്യമാണ്. എന്നാൽ, നാം ദൈവത്തിനു നഷ്ടപ്പെടാതിരിക്കുക എന്നതാണ് നമ്മുടെമേലുള്ള ദൈവത്തിന്റെ യഥാർത്ഥ കരുതൽ.

ഗലാത്യർ 6 : 7-10
7.വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും.
8.ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും.
9.നന്മ ചെയ്കയിൽ നാം മടുത്തുപോകരുതു; തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും.
10.ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക

യേശു തന്റെ വരവിനെപ്പോലും മന്ദമാക്കുന്നത്,നമ്മിൽ ഒരുവൻ പോലും നശിച്ചുപോകാതിരിക്കുവാൻ വേണ്ടിയാണ്. ദൈവവും ഞാനും എന്ന യാഥാർഥ്യം നമ്മെ ഭരിക്കട്ടെ. പത്രോസിന്റെ വാക്കുകളിൽ ദൈവം ഇരുന്നതിനാൽ ദൈവത്തെ ജനത്തിനിടയിൽ നൽകുവാൻ കഴിഞ്ഞു. നമ്മുടെ നാവുകളിലും ഹൃദയങ്ങളിലും ദൈവം വാഴുമാറാകട്ടെ.

ദൈവത്തിനു നാം ശ്രേഷ്ഠരാണ്. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന വേല ദൈവത്താൽ ചെയ്യുവാനായി നാം വിളിക്കപ്പെട്ടിരിക്കുന്നു.

-ജിബി തോമസ്

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL